# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com   വെബ്സൈറ്റ്: www keralasahityaakademi.org

28.07.2017

**പത്രക്കുറിപ്പ്:**

# ഇ.കെ.ദിവാകരൻപോറ്റി ജന്മശതാബ്ദി പ്രഭാഷണപരമ്പര

**ഉദ്ഘാടനം ജൂലായ് 30-ന് കുഴിക്കാട്ടുശ്ശേരി ഗ്രാമികയിൽ**

മഹത്തായ പരിഭാഷകളിലൂടെ വിശ്വസാഹിത്യത്തിലേയും ഭാരതീയസാഹിത്യത്തിലേയു അനശ്വരകൃതികൾ മലയാളത്തിന് സമ്മാനിച്ച ഇ.കെ.ദിവാകരൻപോറ്റിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരി ഗ്രാമികയുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി *സൂക്ഷ്മരാഷ്ട്രീയത്തിന്റെ ഭിന്നമുഖങ്ങൾ* എന്ന പ്രതിമാസ പ്രഭാഷണപരമ്പര സംഘടിപ്പിക്കുന്നു. 2017 ജൂലായ് 30 ഞായറാഴ്ച വൈകീട്ട് 4 മണിക്ക് കുഴിക്കാട്ടുശ്ശേരി ഗ്രാമിക ഓഡിറ്റോറിയത്തിൽ നടക്കുന്ന പ്രഭാഷണപരമ്പര സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ ഉദ്ഘാടനം ചെയ്യും. ഡോ.വടക്കേടത്ത് പത്മനാഭൻ അധ്യക്ഷത വഹിക്കും. ദിവാകരൻപോറ്റി അനുസ്മരണ പ്രഭാഷണം ഡോ.പി.വി.കൃഷ്ണൻനായർ നിർവഹിക്കും. *ജനാധിപത്യവും മതവും* എന്ന വിഷയത്തിൽ ഡോ.എം.എൻ.കാരശ്ശേരി പ്രഥമപ്രഭാഷണം നടത്തും. പി.കെ.കിട്ടൻ സ്വാഗതവും ഇ.കൃഷ്ണാനന്ദൻ നന്ദിയും പറയും. ആഗസ്റ്റ് 20 ന് ഡോ. പി.പവിത്രൻ (ഭാഷയുടെ രാഷ്ട്രീയം), സെപ്തംബർ 17-ന് കെ.ഇ.എൻ.(ജീവിതവും ജനാധിപത്യവും), ഒക്ടോബർ 15-ന് ഡോ.കെ.എം.അനിൽ (സാംസ്കാരികദേശീയതയുടെ പരിണാമങ്ങൾ), നവംബർ 19-ന് ഡോ.എം.ജി.എസ്.നാരായണൻ (ഇന്ത്യൻ ദേശീയതയുടെ പ്രശ്നങ്ങൾ), ഡിസംബർ 17-ന് ഡോ.എസ്.ശാരദക്കുട്ടി (സ്ത്രൈണരാഷ്ട്രീയത്തിന്റെ കാലികവായന) എന്നിവർ പ്രഭാഷണങ്ങൾ നടത്തും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

---

പ്രിയ എഡിറ്റർ,
മുകളിൽ ചേർത്തിരിക്കുന്ന വാർത്ത സംസ്ഥാനതല പ്രാധാന്യത്തോടെ താങ്കളുടെ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്നും ജൂലായ് 30 ഞായറാഴ്ചയിലെ 'ഇന്നത്തെ പരിപാടി'യിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

JM